ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് അഞ്ചു ലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാരിൽ പത്തു ശതമാനത്തോളം പട്ടികവിഭാഗത്തിൽപ്പെടുന്നവരാണ്. ഇവരിൽ പലരും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന് തിരുവനന്തപുരത്ത് ജോലി നോക്കുകയാണ്. സംസ്ഥാന തലസ്ഥാനത്ത് ട്രെയിനിംഗ് മുതലായ ഔദ്യോഗിക ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്നും എത്തിപ്പെടുന്നവരുണ്ട്. ഈ വിഭാഗത്തിലുൾപ്പെടുന്ന വനിതാ ജീവനക്കാർക്ക് സുരക്ഷിതമായും സൗകര്യപ്രദമായും കുറഞ്ഞ ചെലവിലും തിരുവനന്തപുരത്ത് താമസിക്കാൻ സൗകര്യമേർപ്പെടുത്തുന്ന ഒരു പുതിയ പദ്ധതിയാണ് നന്ദാവനത്തെ നിർദ്ദിഷ്ട വർക്കിംഗ് വിമൻസ് ഹോസ്റ്റൽ. ഇത് പണികഴിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച അയ്യങ്കാളി ഭവന്റെ മുമ്പിൽ സ്ഥാപിക്കണമെന്നു പറഞ്ഞ പ്രതിമയുടെ കാര്യംകൂടി ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(6) ആഫ്രിക്കൻ ഒച്ചുകൾ

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും അതുപോലെ തന്നെ ആരോഗ്യ വകുപ്പുമന്ത്രിയും കൂടി ഒന്നു ശ്രദ്ധിക്കണം. ഇന്ന് കേരള ത്തിന്റെ വിവിധ മേഖലകളിൽ അതായത് തിരുവനന്തപുരം, കോഴിക്കോട്, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ ചില മേഖലകളിലൊക്കെത്തന്നെ ആഫ്രി ക്കൻ ഒച്ച് എന്നുപറയുന്ന ജീവി വ്യാപകമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു അവസ്ഥ കാണുകയാണ്. വളരെ ഭീതി പരത്തുന്ന തരത്തിലുള്ള ഒരു ജീവി യാണ് ആഫ്രിക്കൻ ഒച്ച്. അത് കടിച്ചാൽ ചൊറിച്ചിലുണ്ടാകും. 2006 കാല ഘട്ടം മുതലാണ് ഇതിന്റെ വരവ് കാണുവാൻ കഴിഞ്ഞത്. ആ സമയത്ത് ഈ ഒച്ചുകളെ ഒഴിവാക്കുന്നതിനുവേണ്ടി ഉപ്പ് വാരിവിതറി ഒരു ശ്രമം നടത്തിയി രുന്നു. അന്ന് സ്കൂൾ കുട്ടികളും കോളേജ് വിദ്യാർത്ഥികളും ചെറുപ്പക്കാരു മൊക്കെ ചേർന്നുകൊണ്ട് ഞങ്ങളെല്ലാവരും നേതൃത്വം കൊടുത്തുകൊണ്ട് അതി നൊരു നടപടി സ്വീകരിച്ചു. പക്ഷേ ഇന്നത് വളരെ വ്യാപകമായി വർദ്ധിച്ചിരിക്കുക യാണ്. ഇത് ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നതാണ്. ഇതിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾ പത്രങ്ങളിലൂടെ വന്നുകൊണ്ടിരിക്കുകയാണ്. ഒരു ശാസ്ത്രീയമായ പഠനം നടത്തി ഇതിന് പരിഹാരമാർഗ്ഗം ഉണ്ടാക്കണം എന്നുള്ളതാണ് എന്റെ ആവശ്യം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u> : സർ, ബഹുമാനപ്പെട്ട അടൂർ പ്രകാശ് ഉന്നയിച്ച കാര്യം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കോന്നിയിലും ചെന്നീർക്കരയിലും മറ്റു ചില സ്ഥലങ്ങളിലും ജനങ്ങളെ വല്ലാതെ അലട്ടികൊണ്ടിരിക്കുന്നതാണ്. ഇത് ഈസ്റ്റ് ആഫ്രിക്കയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുവന്ന ജീവിയാണ്. ഇതിന്റെ പേര് ഒച്ച് എന്നാണെങ്കിലും അത് പെരുകുന്നത് ഒച്ചിന്റെ വേഗതയിലല്ല. അതിവേഗത്തിലാണ് ഇത് പെരുകിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഉറവിടം കെനിയ, ടാൻസാനിയ എന്നിവിടങ്ങളാണെന്നാണ് പറയപ്പെടുന്നത്. പല സ്ഥലങ്ങളിലേയും ജനങ്ങൾക്ക് അത് ഒരു ശല്യമായി മാറിക്കൊണ്ടിരിക്കുകയാണ്. കെ.എഫ്.ആർ.ഐ.യുടെ ഒരു സയന്റിസ്റ്റ്, ഡോ.സജീവ് അവിടെ പോയിരുന്നു. അദ്ദേഹം ഒച്ചുകളുടെ സാമ്പിളുകൾ എടുത്ത് കൊണ്ടുപോയി ഗവേഷണം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രതിവിധി ഉപ്പ് തന്നെയാണ്. ഈ ജൂലൈമാസം 20-ാം തീയതി അവിടെ കളക്ടറുടെ ഒരു യോഗം വിളിച്ചിരുന്നു. അതിൽ ആരോഗ്യം, വനം, കൃഷി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു. ആ യോഗം തീരുമാനിച്ചത് എൻ.ആർ.ഇ.ജി. ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് പരമാവധി സ്ഥലങ്ങളിൽ ഉപ്പ് വിതറാൻ തന്നെയാണ്. ഒച്ച് ശല്യത്തിന് ഉപ്പ് വളരെ ഫലപ്രദമാകും. 2006-ലും അത് കണ്ടതാണ്. ഉപ്പിട്ട സ്ഥലങ്ങളിൽ അതിന്റെ വളർച്ച പിന്നെ വ്യാപിച്ചില്ല. മഴയത്ത് ഉപ്പ് താഴോട്ട് ഇറങ്ങുമ്പോൾ അതിന്റെ പ്രജനനവും തടയപ്പെടുന്നുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് വീണ്ടും ഉപ്പിന്റെ മാർഗ്ഗം നോക്കണമെന്നാണ് എന്റെ അഭ്യർത്ഥന. തന്നെയുമല്ല ആ യോഗ തീരുമാനം ഒച്ചിനെ തടയുന്നതിന് കെമിക്കൽസ് ഉപയോഗിച്ചുകൂടെ എന്നാണ്. കീടനാശിനി പ്രയോഗം മണ്ണിനെ ദോഷമായി ബാധിക്കുമെന്നതിനാൽ ഉപ്പിനെ തന്നെ ആശ്രയിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(7) കർഷകക്ഷേമ വകുപ്പ് രൂപീകരണം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ നടപടിയിൽ പ്രതിഷേധിച്ചും സംസ്ഥാന സർക്കാർ കാർഷിക മേഖലയിൽ ചില കാര്യങ്ങൾ അടിയന്തരമായി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടും അഖിലേന്ത്യാ കിസാൻ സഭ ഇന്ന് കേന്ദ്ര ഗവൺമെന്റ് ഓഫീസുകളിലേക്ക് മാർച്ചും ധർണ്ണയും നടത്തുകയാണ്. കാർഷിക മേഖലയിൽ മൂലധനനിക്ഷേപം കുറഞ്ഞുവരികയാണ്. സബ്സിഡികൾ എടുത്തുകളയുകയാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ അടിയന്തരമായി ഒരു ലക്ഷം രൂപയുടെ പ്രത്യേക പദ്ധതിക്ക് രൂപം നൽകുക, പലിശ കുറയ്ക്കുക, ജലസേചന പദ്ധതികൾ പൂർത്തീകരിക്കുക, കർഷകർക്ക് പരിശീലനം നൽകുക തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ നിരവധി മാതൃകാപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സ്വാമിനാഥൻ കമ്മീഷൻ ശുപാർശയിൽ പ്രധാനമായി പറഞ്ഞിട്ടുള്ള ഒരു കാര്യം, കർഷകക്ഷേമ വകുപ്പും കർഷകർക്ക് ക്ഷേമനിധിയും രൂപീകരിക്കുക എന്നതാണ്. എല്ലാവിഭാഗം ആളുകൾക്കും ക്ഷേമനിധിയുണ്ട്. കർഷകർക്കും അവരുടെ കുടുംബങ്ങൾക്കും പ്രയോജനം ചെയ്യുന്ന കർഷകക്ഷേമനിധി രൂപീകരിക്കണം. അതുപോലെ 300 രൂപ പെൻഷൻ എന്നുള്ളത് 1,000 രൂപയായി വർദ്ധിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly